“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/18/2026-C (1)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **17-02-2026**

ദർഘാസ് നോട്ടീസ് നമ്പർ - 01/2025-26

ദർഘാസ് ഫോറങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്ന അവസാന തീയതി.	:	**23/02/2026 - 11.00 AM**
ദർഘാസ് ഫോറം ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി	:	**24/02/2026 - 11.30 AM**
ദർഘാസ് തുറക്കുന്ന തീയതി	:	**24/02/2026 - 03.00 PM**
അടങ്കൽ തുക	:	**3,60,000/-** രൂപ
ദർഘാസ്ഫോറത്തിൻ്റെ വില	:	**720.00** രൂപ + **18%** ജി.എസ്.ടി
നിരതദ്രവ്യം	:	**9,000/-** രൂപ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ടെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട്- **17** ലേക്ക് **2026** ഫെബ്രുവരി **28** മാർച്ച് **01** തിയ്യതികളിലായി കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തുന്ന "**38**-മത് തലക്കൽ ചന്തു സ്മാരക അമ്പെയ്ത്തു മത്സരം" പദ്ധതിയിൽ പങ്കെടുക്കുന്നവർക്ക് കോഴിക്കോട് കോർപ്പറേഷനിൽ പരമാവധി **10** കി.മീ ദൂരപരിധിക്കുള്ളിൽ താമസസൗകര്യം ഒരുക്കുന്നതിനായി മുദ്രവെച്ച ദർഘാസുകൾ ബന്ധപ്പെട്ട വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ ക്ഷണിക്കുന്നു

നിബന്ധനകൾ

1. തലക്കൽ ചന്തു സ്മാരക അമ്പെയ്ത്തു മത്സരംപങ്കെടുക്കുന്നവർക്ക് താമസസൗകര്യം ഒരുക്കുന്നതിനായിട്ടാണ് ഈ ദർഘാസ് ക്ഷണിക്കുന്നത്.
2. മേൽ പറയുന്ന പരിപാടിയുമായി ബന്ധപ്പെട്ടു ഏകദേശം **40** മുതൽ **60** എണ്ണം വരെയുള്ള ഡബിൾ റൂമുകൾ ആണ് ആവശ്യമായി വരുന്നത്.
3. **2026** ഫെബ്രുവരി പത്തൊൻപതാം തീയതി വൈകുന്നേരം മുതൽ ഫെബ്രുവരി ഇരുപത്തി ഒന്നാം തിയതി വരെയാണ് മുറികൾ ആവശ്യമായി വരുന്നത്.
4. താമസ സൗകര്യം ഒരുക്കുന്നതിന് **Double Room, Single Room, 3 Bed Room, 4 Bed Room, Dormitory** എന്നിവക്ക് **AC, Non AC** ക്ക് ഒരു ദിവസത്തേക്ക് വരുന്ന വാടക എല്ലാവിധ ടാക്സുകളും ഉൾപ്പെടെയുള്ള നിരക്കാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
5. ദർഘാസിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.
6. ലൈസൻസിന്റെയും പാൻകാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. കേരള സർക്കാറിന്റെ ദർഘാസ് സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.
8. ദർഘാസ് ഫോറങ്ങൾ ആവശ്യമുള്ളവർ **720/-** രൂപ + **18%** ജി.എസ്.ടി വില നൽകി കിർടാഡ്സ് ഓഫീസിൽനിന്ന് വാങ്ങേണ്ടതാണ്. ദർഘാസ് ഫോറങ്ങൾ **23/02/2026** ന് രാവിലെ **11.00** മണിവരെ കിർടാഡ്സ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.
9. ദർഘാസിനോടൊപ്പം **9,000/- രൂപ (ഒൻപതിനായിരം രൂപ മാത്രം)** നിരതദ്രവ്യമായി "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്' എന്ന പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽനിന്നോ ട്രഷറി സേവിംഗ്സ് നിക്ഷേപമായോ പ്ലഡ്ജ് ചെയ്തു സമർപ്പിക്കേണ്ടതാണ്.
10. ദർഘാസ് ഫോറത്തോടൊപ്പം **200/-** രൂപ (ഇരുനൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ ദർഘാസ് ഫോറത്തിൽ പ്രതിപാദിച്ച കരാർ ഉടമ്പടിയും വെക്കേണ്ടതാണ്.
11. മുദ്രവെച്ച ദർഘാസുകൾ **24/02/2026** ന് രാവിലെ **11.30** മണിവരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.
12. ലഭിച്ച ദർഘാസ് **24/02/2026** ന് വൈകുന്നേരം **3.00** മണിക്ക് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക്/സ്ഥാപനത്തിന് ദർഘാസ് താത് കാലികമായി ഉറപ്പിക്കുന്നതതുമായിരിക്കും.
13. ദർഘാസ് സമർപ്പിക്കുന്ന കവറിന്റെ മുകളിൽ "താമസ സൗകര്യത്തിനായുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

Digitally signed by Bindu S
Date: 17-02-2026 15:38:30

ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ
   വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
   (ആവരണ കത്ത് സഹിതം).
2. നോട്ടീസ് ബോർഡ്
3. കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
4. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
5. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വൈബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ആഫീസ് പകർപ്പ്
7. കരുതൽ ഫയൽ